# ഖുർആൻ ബോധനം 563

**എ.വൈ.ആർ**

## സൂറ-11

# ഹൂദ്

۞ وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۚ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ
مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ ۖ وَلَا تَنقُصُوا۟ ٱلْمِكْيَالَ وَٱلْمِيزَانَ ۚ
إِنِّىٓ أَرَىٰكُم بِخَيْرٍ وَإِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ مُّحِيطٍ
٨٤

**84** മദ്‌യൻ വാസികളിലേക്ക് അവരുടെ സഹോദരൻ ശുഐബിനെ നിയോഗിച്ചു. അദ്ദേഹം ആ ജനത്തെ പ്രബോധനം ചെയ്തു: അല്ലാഹുവിന് അടിമപ്പെടുവിൻ. അവനല്ലാതെ ദൈവമേതുമില്ല. അളവു തൂക്കങ്ങളിൽ വെട്ടിക്കാതിരിക്കുവിൻ. ഇന്നു ഞാൻ നിങ്ങളെ കാണുന്നത് സുസ്ഥിതിയിലല്ലോ. നാളെ എല്ലാവരെയും വലയം ചെയ്യുന്ന ഒരു ദുരിതനാൾ നിങ്ങളിൽ വന്നു ഭവിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.

وَيَٰقَوْمِ أَوْفُوا۟ ٱلْمِكْيَالَ وَٱلْمِيزَانَ بِٱلْقِسْطِ ۖ وَلَا تَبْخَسُوا۟ ٱلنَّاسَ أَشْيَآءَهُمْ
وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ٨٥

**85** എന്റെ സമുദായമേ, അളവു തൂക്കങ്ങൾ നീതിയോടെ പൂർത്തിയാക്കുവിൻ. ആളുകളുടെ വസ്തുക്കൾ വെട്ടിച്ചെടുക്കരുത്. നാട്ടിൽ അധർമം പരത്തുന്നവരായി വിഹരിക്കാതിരിക്കുവിൻ.

بَقِيَّتُ ٱللَّهِ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ ۚ وَمَآ أَنَا۠ عَلَيْكُم بِحَفِيظٍ
٨٦

**86** അല്ലാഹു ബാക്കിയാക്കിത്തരുന്നതാകുന്നു നിങ്ങൾക്കേറ്റം ഗുണകരമായിട്ടുള്ളത് – നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ. ഞാൻ നിങ്ങളുടെ സംരക്ഷകനൊന്നുമല്ല.

قَالُواْ يَـٰشُعَيْبُ أَصَلَوٰتُكَ تَأْمُرُكَ أَن نَّتْرُكَ مَا يَعْبُدُ ءَابَآؤُنَآ أَوْ أَن نَّفْعَلَ فِىٓ
أَمْوَٰلِنَا مَا نَشَـٰٓؤُاْ ۖ إِنَّكَ لَأَنتَ ٱلْحَلِيمُ ٱلرَّشِيدُ ﴿٨٧﴾

**87** ആ ജനം ഘോഷിച്ചു: അല്ലയോ ശുഐബ്, നമ്മുടെ പൂർവപിതാക്കൾ ആരാധിച്ചു വരുന്ന ദൈവങ്ങളെ നമ്മൾ കൈവെടിയണമെന്ന്, അഥവാ നമ്മുടെ ധനം ഇഷ്ടാനുസാരം കൈകാര്യം ചെയ്തുകൂടാ എന്ന് നിന്നോടു കൽപിക്കുന്നത് നിന്റെ നമസ്കാരമാണോ? നീ മഹാ വിവേകിയും സന്മാർഗിയും തന്നെ!

മദ്‌യനി(ൻ വാസികളി)ലേക്ക് (നിയോഗിച്ചു) =وَإِلَىٰ مَدْيَنَ

അവരുടെ സഹോദരൻ ശുഐബിനെ =أَخَاهُمْ شُعَيْبًا

എന്റെ സമുദായമേ =يَـٰقَوْمِ അദ്ദേഹം പറഞ്ഞു (ആ ജനത്തെ പ്രബോധനം ചെയ്തു) =قَالَ

അല്ലാഹുവിന് അടിമപ്പെടുവിൻ, ഇബാദത്തു ചെയ്യുവിൻ =ٱعْبُدُواْ ٱللَّهَ

ദൈവത്താൽ(വമേതും) =مِّنْ إِلَـٰهٍ നിങ്ങൾക്ക് ഇല്ല =مَا لَكُم

നിങ്ങൾ കുറ(വെട്ടി)ക്കാതിരിക്കുവിൻ =وَلَا تَنقُصُواْ അവൻ അല്ലാതെ =غَيْرُهُۥ

ത്രാസിനെയും(തൂക്കങ്ങളിൽ) =وَٱلْمِيزَانَ അളവുപാത്രത്തെ =ٱلْمِكْيَالَ

ഞാൻ നിങ്ങളെ കാണുന്നത് =إِنِّىٓ أَرَىٰكُم

നന്മയിൽ, ക്ഷേമത്തിൽ (സുസ്ഥിതിയിലല്ലേ) =بِخَيْرٍ

ഞാൻ നിങ്ങളുടെ മേൽ (ങ്ങളിൽ വന്നു ഭവിക്കുമെന്ന്) ഭയപ്പെടുന്നു =وَإِنِّىٓ أَخَافُ عَلَيْكُمْ

(എല്ലാവരെയും) വലയം ചെയ്യുന്ന =مُّحِيطٍ ഒരു നാളിന്റെ ശിക്ഷ (ദുരിത നാൾ) =عَذَابَ يَوْمٍ

നിങ്ങൾ പൂർത്തിയാക്കുവിൻ, തികക്കുവിൻ =أَوْفُواْ എന്റെ സമുദായമേ =وَيَـٰقَوْمِ

(തൂക്കങ്ങൾ) ത്രാസിനെയും =وَٱلْمِيزَانَ അളവു പാത്രത്തെ =ٱلْمِكْيَالَ

നിങ്ങൾ വെട്ടി(ച്ചെടു)ക്കരുത് =وَلَا تَبْخَسُواْ നീതിയോടെ =بِٱلْقِسْطِ

അവരുടെ വസ്തുക്കളെ =أَشْيَآءَهُمْ ആളുകളെ =ٱلنَّاسَ

ഭൂമിയി(നാട്ടി)ൽ =فِى ٱلْأَرْضِ താറുമാറാക്കരുത് (വിഹരിക്കരുത്) =وَلَا تَعْثَوْاْ

നാശകാരികളായി (അധർമം പരത്തുന്നവരായി) =مُفْسِدِينَ

അല്ലാഹുവിന്റെ ബാക്കി(യാക്കിത്തരുന്നതാകുന്നു) =بَقِيَّتُ ٱللَّهِ

നിങ്ങൾ ആണെങ്കിൽ =إِن كُنتُم നിങ്ങൾക്ക് (ഏറ്റം) ഗുണകരമായിട്ടുള്ളത് =خَيْرٌ لَّكُمْ

നിങ്ങളുടെ മേൽ =عَلَيْكُم ഞാൻ അല്ല =وَمَآ أَنَا۠ സത്യവിശ്വാസികൾ =مُّؤْمِنِينَ

(ആ ജനം) ഘോഷിച്ചു =قَالُواْ സൂക്ഷിപ്പുകാരൻ, രക്ഷകൻ (ഒന്നും) =بِحَفِيظٍ

നിന്റെ നമസ്കാരമാണോ =أَصَلَوٰتُكَ അല്ലയോ ശുഐബ് =يَـٰشُعَيْبُ

നമ്മൾ കൈവെടിയാൻ =أَن نَّتْرُكَ നിന്നോടു കൽപിക്കുന്നു(ന്നത്) =تَأْمُرُكَ

ആരാധിക്കുന്നതിനെ (ആരാധിച്ചു വരുന്ന ദൈവങ്ങളെ) =مَا يَعْبُدُ

ءَابَآؤُنَآ= നമ്മുടെ പൂർവപിതാക്കൾ

أَوْ أَن نَّفْعَلَ= അല്ലെങ്കിൽ നമ്മൾ ചെയ്യുന്നത് (കൈകാര്യം ചെയ്തുകൂടാ എന്ന്)

فِىٓ أَمْوَٰلِنَا= നമ്മുടെ ധന(ം)ത്തിൽ

مَا نَشَٰٓؤُا۟= നാം ഉദ്ദേശിക്കുന്നത് (നമ്മുടെ ഇഷ്ടാനുസാരം) إِنَّكَ= തീർച്ചയായും നീ

لَأَنتَ ٱلْحَلِيمُ= നീ (മഹാ) വിവേകി(യും) തന്നെ ٱلرَّشِيدُ= സന്മാർഗസ്ഥനാ(നും)യ

**84–86:** ലൂത്ത് ജനതക്കുശേഷം അധർമങ്ങളിലും അക്രമങ്ങളിലുമാണ്ട് നശിച്ചുപോയ മറ്റൊരു സമുദായമായ മദ്‌യനികളെക്കുറിച്ചാണ് ഇവിടം മുതൽ 95–ാം സൂക്തം വരെ പരാമർശിക്കുന്നത്. ബൈബിളിലെ മിദ്യാനാണ് ഖുർആനിലെ മദ്‌യൻ. നേരത്തെ സൂറ *അൽഅഅ്റാഫ്* 85 മുതൽ 92 വരെ സൂക്തങ്ങളിൽ ഇവരുടെ കഥ വന്നിട്ടുണ്ട്. മിദ്യാൻ ഗോത്രത്തിന്റെയും അവരുടെ പ്രവാചകൻ ശുഐബ്(അ)ന്റെയും വംശപാരമ്പര്യവും വാസസ്ഥലവും എല്ലാം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ വിശദീകരിച്ചിരിക്കുന്നു.

പ്രവാചകനെ സമൂഹത്തിന്റെ സഹോദരൻ എന്നു വിശേഷിക്കുന്നതിന്റെ ഉദ്ദേശ്യവും സാംഗത്യവും മുൻ സൂക്തങ്ങളുടെ വിശദീകരണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. മറ്റെല്ലാ പ്രവാചകന്മാരെയും പോലെ ശുഐബ് നബിയുടെയും പ്രഥമവും പ്രധാനവുമായ പ്രബോധനം يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ എന്റെ സമുദായമേ, അല്ലാഹുവിന് അടിമപ്പെടുവിൻ. അവനല്ലാതെ നിങ്ങൾക്ക് ദൈവമേതുമില്ല– എന്നുതന്നെയായിരുന്നു. മുൻ പരാമർശിക്കപ്പെട്ട ലൂത്ത് നബി ആദ്യം ഈ സന്ദേശം വിളംബരം ചെയ്തതായി ഉദ്ധരിക്കപ്പെടുന്നില്ലെങ്കിലും അദ്ദേഹം അതു വിളംബരം ചെയ്തിട്ടില്ലെന്ന് അതിനർഥമില്ല. ലൂത്ത് ജനത ഏകദൈവാരാധകരായിരുന്നു എന്നും അർഥമാക്കേണ്ടതില്ല. മറ്റു പ്രവാചകന്മാരെപ്പോലെ ലൂത്ത് നബിയും ആദ്യം വിളംബരം ചെയ്തത് ഈ സന്ദേശം തന്നെയായിരിക്കണം. ലൂത്ത് ജനതയെക്കുറിച്ച് ഖുർആൻ ഊന്നിപ്പറയുന്നത് അവർ ഉന്മൂലനം ചെയ്യപ്പെടാനുണ്ടായ കാരണമാണ്. അത് അന്നേവരെ ലോകത്തൊരു സമൂഹത്തിലും കാണപ്പെട്ടിട്ടില്ലാത്ത ഭ്രാന്തമായ സ്വവർഗാസക്തിയായിരുന്നു. മ്ലേഛമായ ഈ പതനത്തിൽ അവരെ കൊണ്ടെത്തിച്ചതിൽ വിശ്വാസപരമായ മാർഗഭ്രംശങ്ങൾക്കും പങ്കുണ്ടാകും. എങ്കിലും അല്ലാഹുവിലും അവന്റെ ദീനിലും വിശ്വസിക്കാത്തതിന്റെ പേരിൽ മാത്രം അല്ലാഹു ഒരു ജനതയെയും നശിപ്പിക്കാറില്ല. ഉണ്ടെങ്കിൽ പണ്ടും ഇക്കാലത്തും ലോകത്തെ ഭൂരിപക്ഷം ജനങ്ങളും നശിപ്പിക്കപ്പെടുമായിരുന്നു. സത്യനിഷേധത്തിന്റെയും ദൈവധിക്കാരത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുന്ന സമൂഹങ്ങൾ മാനവികവും പ്രാപഞ്ചികവുമായ പ്രകൃതികളെ താറുമാറാക്കുന്ന തരത്തിലുള്ള ധാർമിക സദാചാരച്യുതികളുടെ ഗർത്തങ്ങളിലകപ്പെടുകയും അതിൽ നിന്നുള്ള കരകയറ്റം അസാധ്യമായിത്തീരുകയും ചെയ്യുമ്പോഴാണ് ഉന്മൂലനം ചെയ്യപ്പെടുന്നത്. ശിക്ഷിക്കപ്പെട്ടവരായി ഖുർആൻ ചൂണ്ടിക്കാണിക്കുന്ന സമൂഹങ്ങളെല്ലാം ഇത്തരത്തിലുള്ളവയായിരുന്നു. അവരിൽ വന്ന പ്രവാചകന്മാർ, ദൈവവിശ്വാസവും ഭക്തിയും ഉപദേശിക്കുന്നതോടൊപ്പം തന്നെ ഓരോ സമുദായത്തെയും ഗ്രസിച്ചിരുന്ന അധാർമികവും സദാചാര വിരുദ്ധവുമായ പ്രവണതകൾ വർജിക്കാനും ഉപദേശിച്ചിരുന്നതായി കാണാം. പ്രവാചക നിയോഗത്തിന്റെയും ദൈവിക മതത്തിന്റെയും, അർഥവും ലക്ഷ്യവും തുറന്നു കാണിക്കുന്നതാണ് ഈ പ്രബോധന രീതി.

ഏകദൈവത്തിൽ വിശ്വസിക്കുവിൻ; അവനെ മാത്രം ആരാധിക്കുവിൻ, വിഗ്രഹങ്ങളെയും പ്രതിഷ്ഠകളെയും സന്നിധാനങ്ങളെയും ജാറങ്ങളെയും ദർഗകളെയും തള്ളിക്കളയുവിൻ എന്നതിൽ പരിമിതമായിരുന്നില്ല പ്രവാചകന്മാരുടെ പ്രബോധനം. ഒപ്പം സമൂഹത്തിൽ നടമാടുന്ന അനീതികൾക്കും അക്രമങ്ങൾക്കും എതിരെ ഉച്ചത്തിൽ ശബ്ദമുയർത്തുകയും ചെയ്തു അവർ. ഏകദൈവാരാധന മാത്രം പ്രബോധനം ചെയ്യുക, ജനം അതു സ്വീകരിച്ചു കഴിഞ്ഞാൽ സമൂഹത്തിലെ മറ്റു ദുഷ്ടതകളെല്ലാം മാറിക്കൊള്ളും എന്ന നിലപാടു സ്വീകരിച്ച ഒരു പ്രവാചകനെയും കാണുകയില്ല. തൗഹീദിന്റെ, ഏകദൈവാദർശത്തിന്റെ അനിവാര്യ ഫലങ്ങളാണ് സത്യസന്ധതയും നൈതിക –ധാർമിക സദാചാര ബോധങ്ങളുമൊക്കെ. അതൊന്നുമില്ലാത്ത ദൈവഭക്തി നിർജീവമോ കാപട്യമോ ആണ്. മിദ്യാനികൾ

ഇസ്രാഈല്യരെപ്പോലെ തെളിഞ്ഞ ഇബ്രാഹീമീ പാരമ്പര്യമുള്ള ഗോത്രമായിരുന്നു. ഏക ദൈവ വിശ്വാസമാണ് ഇബ്റാഹീമീ പാരമ്പര്യം. പാരമ്പര്യമായി ഏകദൈവവിശ്വാസികളായിരുന്നുവെങ്കിലും കാലാന്തരത്തിൽ മിദ്യാനികൾ താത്വികമായും പ്രായോഗികമായും ബഹുദൈവവിശ്വാസികളായിത്തീർന്നു എന്നാണ് ശുഐബ് നബിയുടെ أَعْبُدُوا اللَّهَ അല്ലാഹുവിനെ മാത്രം ഇബാദത്തു ചെയ്യുവിൻ എന്ന പ്രബോധനത്തിൽ നിന്ന് വ്യക്തമാകുന്നത്. ഏകനായ അല്ലാഹുവിലുള്ള വിശ്വാസത്തിൽനിന്നു വ്യതിചലിച്ചതിന്റെ പ്രായോഗിക ഫലങ്ങളിലൊന്നാണ് അവരിൽ നടമാടിയിരുന്ന സാമ്പത്തികമായ അരാജകത്വം. അല്ലാഹുവിലുള്ള വിശ്വാസം കൈവെടിഞ്ഞതോടൊപ്പം അവൻ അനുശാസിച്ച ധർമങ്ങളിൽ നിന്നും – ശരീഅത്തിൽ നിന്നും കൂടി അകന്നു. പകരം അവർ ആരാധിച്ചുകൊണ്ടിരുന്ന കൃത്രിമ ദൈവങ്ങളുടെ പേരിൽ കെട്ടിച്ചമച്ച നിയമങ്ങൾ സ്വീകരിച്ചു. അതിൽ മുഖ്യം അവക്കുള്ള പൂജകളും ഭജനങ്ങളുമായിരുന്നു. അതിനപ്പുറം ജീവിതവ്യവഹാരങ്ങളൊക്കെ സ്വേഛാനുസാരം കൈകാര്യം ചെയ്യാമായിരുന്നു. ദൈവങ്ങൾക്കുവേണ്ടി പൂജാദികർമങ്ങൾ മുടക്കം കൂടാതെ ചെയ്താൽ പിന്നെ, ആളുകളെ അക്രമിക്കുന്നതിനോ ചൂഷണം ചെയ്യുന്നതിനോ വഞ്ചിക്കുന്നതിനോ ദൈവകോപവും ശിക്ഷയുമൊന്നും ഭയപ്പെടേണ്ടതുണ്ടായിരുന്നില്ല. മിദ്യാനികൾ ആ ദേശത്തിലൂടെ കടന്നുപോകുന്ന യാത്രക്കാരെയും കച്ചവട സംഘങ്ങളെയും നിസ്സങ്കോചം കൊള്ളയടിച്ചിരുന്നതായി സൂറ *അൽ അഅ്റാഫ്* സൂചിപ്പിക്കുന്നുണ്ട്. അളവുതൂക്കങ്ങളിൽ കൃത്യതയും വിശ്വസ്തതയും പാലിക്കുന്നതിന്റെ പ്രാധാന്യം നേരത്തെ സൂറ *അൽഅഅ്റാഫ്* 85–ാം സൂക്തത്തിനും സൂറ *അൽഅൻആം* 152–ാം സൂക്തത്തിനും താഴെ ചർച്ച ചെയ്തിരിക്കുന്നു.

വർത്തക സമൂഹമായിരുന്ന മിദ്യാനികൾ അളവുതൂക്കങ്ങളിൽ തട്ടിപ്പ് നടത്തുന്നതിൽ അതിവിദഗ്ധരായിരുന്നു. അളവു തൂക്കങ്ങളിൽ തട്ടിപ്പും വെട്ടിപ്പും നടത്തുന്നത് അധാർമികമായ ചൂഷണമോ ചതിയോ ആയിട്ടല്ല, തങ്ങളുടെ ചെട്ടിമിടുക്കായിട്ടാണവർ കണ്ടിരുന്നത്. സാമ്പത്തിക വഞ്ചന ഒരു തിന്മയാണെന്ന വിചാരമേ അവരിൽനിന്ന് മാഞ്ഞു പോയിരുന്നു. ഈ അവസ്ഥയെയാണ് وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത്. നിങ്ങൾ വിഹരിക്കരുത് എന്നു തർജമ ചെയ്തിട്ടുള്ളത് وَلَا تَعْثَوْا എന്ന വാക്കിനെയാണ്. ഈ വാക്ക് عثا യുടെയും عثي യുടെയും വർത്തമാന ക്രിയാരൂപമാകാം. താറുമാറാക്കി, വികൃതമാക്കി എന്നാണ് രണ്ടു പദങ്ങളുടെയും അർഥം. പദാർഥങ്ങളെ കേടാക്കുന്നത് മാത്രം ഉദ്ദേശിക്കുമ്പോൾ عثا യും, പദാർഥങ്ങളോടൊപ്പം ആശയങ്ങളെയും ആദർശങ്ങളെയും കൂടി തകരാറാക്കുന്നത് ഉദ്ദേശിക്കുമ്പോൾ عثي യും ഉപയോഗിക്കുന്നു. عثي യുടെ വർത്തമാനരൂപമായിട്ടാണ് ഇവിടെ تَعْثَوْا എന്നുപയോഗിച്ചതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഒരിക്കലോ വല്ലപ്പോഴുമോ നാശമുണ്ടാക്കരുത് എന്ന അർഥം ലഭിക്കാൻ وَلَا تَعْثَوْا എന്നോ لا تفسدوا എന്നോ പറഞ്ഞാൽ മതിയാകുമായിരുന്നു. നാശകരമായ നടപടികളും ചിന്തകളും സ്ഥിരം സ്വഭാവവും സമ്പ്രദായവുമായി കൊണ്ടുനടക്കുന്നതിനെ കുറിച്ചാണ് عثي ഉം فساد ഉം ഒരുമിച്ചുപയോഗിക്കുക. അധാർമികവും വിനാശകരവുമായ ആശയങ്ങളും നടപടികളും പുരോഗമനാത്മകമായ സംസ്കാരമായി കൊണ്ടുനടക്കുന്നതിനെയാണ് وَلَا تَعْثَوْا مُفْسِدِينَ എന്ന പ്രയോഗത്തിലൂടെ അവതരിപ്പിക്കുന്നത്. ആധുനിക യുഗത്തിലും ഇത്തരം സംഘങ്ങൾ ലോകത്തിന്റെ നാനാഭാഗത്തുമുണ്ട്. ലോകത്തിന്റെ ഏതാണ്ടെല്ലാ ഭാഗങ്ങളിലും വിഹരിക്കുന്ന പലതരം മാഫിയാ സംഘങ്ങൾ ഒരു ഉദാഹരണമാണ്. ഗുണ്ടാസംഘങ്ങളും കരിഞ്ചന്തക്കാരും കള്ളക്കടത്തുകാരുമൊന്നും തങ്ങളുടെ നടപടിയെ അധാർമികമായി കരുതുന്നില്ല. തങ്ങൾ തെരഞ്ഞെടുത്ത തിന്മയൊഴിച്ചുള്ള കാര്യങ്ങളിൽ അവർ മര്യാദക്കാരും സംസ്കാര സമ്പന്നരുമായി പെരുമാറുന്നതു കാണാം. അവിടവിടെ രൂപം കൊള്ളുന്ന ചെറിയ മാഫിയാ സംഘങ്ങൾ സാമൂഹിക ജീവിതത്തിനുണ്ടാക്കുന്ന സ്വൈര്യക്കേടും അരക്ഷിതാവസ്ഥയും ഇന്ന് എല്ലാവർക്കും അറിയാവുന്നതാണല്ലോ. ഒരു സമൂഹത്തിലെ മഹാഭൂരിപക്ഷം മാഫിയാ സംഘമായി മാറിയാലുള്ള അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. അതായിരുന്നു ശുഐബ് നബിയുടെ കാലത്ത് മിദ്യാനികളുടെ സ്ഥിതി. ഇക്കാലത്ത് സൈനികവും സാമ്പത്തികവുമായ പല അക്രമങ്ങളും അന്യായങ്ങളും നവസൈനിക തന്ത്രങ്ങളും സാമ്പത്തികാസൂത്രണങ്ങളുമായി അംഗീകരിക്കപ്പെടുന്നത് عثي في الفساد ന്റെ മറ്റൊരു രൂപമാണ്. നേരത്തെ അധാർമികമായി കരുതപ്പെട്ടിരുന്ന പല തിന്മകൾക്കും ഇപ്പോൾ സമൂഹം അംഗീകാരം നൽകിക്കൊണ്ടിരിക്കുകയാണ്. വിവാഹ ബാഹ്യമായ ലൈംഗിക ബന്ധങ്ങളും സ്വവർഗ പ്രണയവുമൊക്കെ വ്യക്തി സ്വാതന്ത്ര്യത്തിന്റെയും മൗലികാവകാശങ്ങളുടെയും താൽപര്യങ്ങളായി വാഴ്ത്തപ്പെടുന്നു.

പരിസ്ഥിതിയുടെ സമ്മർദത്താൽ ആളുകൾ ചില ധർമങ്ങൾ അവഗണിക്കുക അസാധാരണമല്ല. പട്ടിണികൊണ്ട് പൊറുതി മുട്ടുന്നവർ ചിലപ്പോൾ മോഷണത്തിലേർപ്പെട്ടെന്നു വരും. എങ്കിലും മോഷണം തെറ്റാണ് എന്ന കാര്യം അവർ നിഷേധിക്കുകയില്ല. അത്തരം സന്ദർഭങ്ങളിൽ ഇടപാടുകളിലും അളവുതൂക്കങ്ങളിലും കൃത്രിമം കാണിക്കുമ്പോഴും മനസ്സിൽ കുറ്റബോധം നിലനിൽക്കുന്നുണ്ടാകും. ഒറ്റപ്പെട്ട വ്യക്തികൾ താൽക്കാലിക ക്ലേശങ്ങളെ മറികടക്കാൻ ചെയ്തുപോകുന്ന കുറ്റങ്ങളെക്കുറിച്ചല്ല; അധർമങ്ങളെ ധർമമായും പുരോഗമനമായും കണ്ടുകൊണ്ടുള്ള സമീപനത്തെക്കുറിച്ചാണ് ശുഐബ്(അ) സംസാരിക്കുന്നത്. إِنِّيٓ أَرَىٰكُم بِخَيۡرٖ (ഞാൻ നിങ്ങളെ സുസ്ഥിതിയിലല്ലോ കാണുന്നത്) എന്ന വാക്യം സൂചിപ്പിക്കുന്നത് അതാണ്. അതായത് ജീവിതം നിലനിർത്താൻ ആളുകളെ പറ്റിക്കാനും വെട്ടിക്കാനും പ്രേരിപ്പിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെയോ ക്ഷാമത്തിന്റെയോ ചുറ്റുപാടൊന്നും നിങ്ങൾക്കില്ലല്ലോ. അത്തരം സാഹചര്യത്തിലായാലും തട്ടിപ്പും വെട്ടിപ്പും കുറ്റകരമാണ്. എങ്കിലും സാഹചര്യം നിങ്ങളെ കുറ്റം ചെയ്യാൻ നിർബന്ധിക്കുന്നു എന്നു പറയാമായിരുന്നു. നിങ്ങൾ പക്ഷേ, സമ്പന്നരും സുഭിക്ഷരുമാണ്. നിങ്ങൾക്ക് ക്ഷേമജീവിതം നയിക്കാൻ ന്യായമായ വരുമാനം വേണ്ടത്രയുണ്ട്. ആ അനുഗ്രഹത്തിന് അത് നൽകിയ അല്ലാഹുവിനോട് നന്ദി കാണിക്കുകയും അവന്റെ വിധിവിലക്കുകൾ പാലിക്കുകയുമാണ് നിങ്ങൾ ചെയ്യേണ്ടത്. അതിനുപകരം ദൈവാനുഗ്രഹത്തെ അവഗണിക്കുകയും അവന്റെ വിധിവിലക്കുകൾ ഗൗനിക്കാതെ അധർമത്തിലൂടെയും അതിക്രമത്തിലൂടെയും അവിഹിത സമ്പത്തുകൾ വാരിക്കൂട്ടുകയും ചെയ്യുന്ന നിങ്ങൾ കൊടിയ ദൈവനിന്ദയും ധർമധിക്കാരവുമാണ് ചെയ്യുന്നത്. ഈ നിലപാട് അല്ലാഹു ഏറെക്കാലം അനുവദിക്കുകയില്ല. ഒരുനാൾ ദൈവം നിങ്ങളെ അതിഭയാനകമായ ശിക്ഷയാൽ പിടികൂടുമെന്ന് ഞാൻ ഭയപ്പെടുന്നു. പ്രിയപ്പെട്ട ജനങ്ങളെ, ഇതൊരു ഗുരുതരമായ താക്കീതായി എടുത്ത് സ്വയം സംസ്കരിക്കാൻ സന്നദ്ധരാവുക. അളവ്–തൂക്കങ്ങളിൽ നീതിയും സത്യസന്ധതയും പാലിക്കുക. ആളുകളുടെ വസ്തുവഹകൾ അന്യായമായി തട്ടിയെടുക്കരുത്. وَلَا تَبۡخَسُواْ എന്നാണ് മൂല വാക്ക്. അതിന്റെ മൂലം بخس ആണ്. ഒരാൾക്ക് ലഭിക്കേണ്ടത് അന്യായമായി കുറക്കുകയാണ് بخസ്ന്റെ മൗലികമായ അർഥം. വാങ്ങുമ്പോൾ ന്യായമായ വില കൊടുക്കാതിരിക്കൽ, വിൽക്കുമ്പോൾ വിലയ്ക്കൊത്ത സാധനം കൊടുക്കാതിരിക്കലും കച്ചവടത്തിലുള്ള بخس ആകുന്നു. പകരം പണമായാലും വസ്തുവായാലും നിശ്ചിത അളവിൽ നൽകാതിരിക്കുന്നതും നിശ്ചിത ഗുണത്തിൽ നൽകാതിരിക്കുന്നതുമെല്ലാം بخس ൽപെടുന്നു. തട്ടിപ്പും വെട്ടിപ്പും സാധാരണ സമ്പ്രദായമായി അംഗീകരിച്ചാൽ സമൂഹത്തിന്റെ, അല്ല പ്രപഞ്ചത്തിന്റെ സംവിധാനം താറുമാറായി പോകും. നീതിയിലധിഷ്ഠിതമായിട്ടാണ് പ്രപഞ്ചം നിലനിൽക്കുന്നത്. അതുകൊണ്ടാണ് നീതിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതിനെ وَلَا تَعۡثَوۡاْ فِي ٱلۡأَرۡضِ مُفۡسِدِينَ എന്ന് വിലക്കുന്നത്.

നിലനിൽക്കുന്നത്, അവശേഷിക്കുന്നത് എന്നാണ് بَقِيَّتُന്റെ ഭാഷാർഥം. പ്രയോഗത്തിൽ ഉത്തമമായ വസ്തുക്കളും കർമങ്ങളും ആശയങ്ങളുമെല്ലാം بَقِيَّتُ–ൽ പെടുന്നു. ഉത്തമമായതെന്തും നിലനിൽക്കുന്നതാണല്ലോ. ഉത്തമമായ ഭൗതിക പദാർഥങ്ങൾ ചിലപ്പോൾ എളുപ്പം തീർന്നു പോവുകയോ അപ്രത്യക്ഷമാവുകയോ ചെയ്തേക്കാം. എങ്കിലും അത് പ്രത്യക്ഷമായ സമയത്ത് സൃഷ്ടിച്ച സ്വാധീനം നിലനിൽക്കും. ആരാധന, ദാനധർമം പോലുള്ള കാര്യങ്ങൾ പെട്ടെന്ന് ചെയ്തുതീരുന്നുവെങ്കിലും അവയുടെ കർമഫലം അല്ലാഹുവിങ്കൽ നിലനിൽക്കുന്നു. ഈ അടിസ്ഥാനത്തിലാണ് ഉത്തമമായതെന്തും بَقِيَّتُ ആകുന്നത്. അല്ലാഹുവിന്റെ അനുഗ്രഹവും അവനരുളിയ വിഭവങ്ങളും, അഥവാ ന്യായവും വിഹിതവുമായ സമ്പത്താണ് ഇവിടെ بَقِيَّتُ ٱللَّهِ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അല്ലാഹുവിൽ വിശ്വസിക്കുന്നുവെങ്കിൽ അവൻ വിധിച്ച വിഹിതം തൃപ്തിയോടെ സ്വീകരിക്കുക; അത് എത്ര തുച്ഛമായതായാലും. ആളുകളെ വെട്ടിച്ചും തട്ടിച്ചും നേടുന്ന സമ്പാദ്യത്തേക്കാൾ എത്രയോ വിശിഷ്ടമാണത്. ഐഹികവും പാരത്രികവുമായ ഐശ്വര്യമുണ്ടതിൽ. അവിഹിത സമ്പാദ്യം എത്ര പെരുത്തതായാലും ഇഹലോകത്ത് അശ്രീകരവും പരലോകത്ത് ശിക്ഷാഗ്നിയുമാകുന്നു.

സൂക്ത സമാപനത്തിലെ وَمَآ أَنَا۠ عَلَيۡكُم بِحَفِيظٖന്റെ താൽപര്യമിതാണ്. നല്ലതും ചീത്തയും ഞാൻ നിങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കിത്തന്നു. അതാണ് എന്റെ ദൗത്യം. നിങ്ങൾക്കത് തള്ളുകയോ കൊള്ളുകയോ ചെയ്യാം. തള്ളുകയാണെങ്കിൽ അതിന്റെ ദുരന്തഫലം നിങ്ങൾതന്നെ അനുഭവിക്കേണ്ടിവരും. കൊള്ളുകയാണെങ്കിൽ അതിന്റെ സദ്ഫലങ്ങളും അപ്രകാരം തന്നെ. അതൊന്നും എന്നെ ബാധിക്കുന്ന പ്രശ്നങ്ങളല്ല. ഒരു മുന്നറിയിപ്പുകാരനും സുവിശേഷകനും മാത്രമാണ് ഞാൻ. ആ ദൗത്യനിർവഹണത്തിൽ മാത്രമേ എനിക്കുത്തരവാദിത്വമുള്ളൂ. നിങ്ങളെ ബലാൽക്കാരം എന്റെ

മാർഗത്തിലേക്ക് കൊണ്ടുവരാൻ നിങ്ങളുടെ പരിപാലകനോ രക്ഷകനോ ഒന്നുമല്ല ഞാൻ. രക്ഷ വേണമെങ്കിൽ സ്വയം അത് തേടണം.

**87:** നാട്ടുകാർ തികഞ്ഞ പരിഹാസത്തോടെയാണ് ശുഐബ് നബിയുടെ പ്രബോധനത്തെ നേരിട്ടത്. അനുഭവത്തിലും ബുദ്ധിപരമായും അടിസ്ഥാനരഹിതമായ കാര്യങ്ങൾ ഉന്നയിക്കുമ്പോഴാണ് പരിഹാസവും പുഛവും നേരിടേണ്ടിവരിക. അനുഭവത്തിലും ബുദ്ധിയിലും ഏതെങ്കിലും തരത്തിൽ സാധൂകരണമുള്ള സംഗതികളെ, അതിനേക്കാൾ പ്രബലമായ അനുഭവങ്ങൾ കൊണ്ടും ബൗദ്ധിക ന്യായങ്ങൾ കൊണ്ടുമാണ് ആളുകൾ നേരിടുക. ഉന്നയിക്കപ്പെടുന്ന കാര്യം അപ്രകാരം ഖണ്ഡിക്കാൻ കഴിയാത്തത്ര ശക്തവും ഭദ്രവുമാണെങ്കിൽ സ്വന്തം നിലപാട് ഉപേക്ഷിച്ച് അത് സ്വീകരിക്കുകയാണ് ന്യായബോധമുള്ളവർ ചെയ്യുക. അതിനു തയാറാവാതെ സ്വന്തം നിലപാടിൽ ശഠിച്ചു നിൽക്കുന്ന, സത്യസന്ധതയും ന്യായബോധവുമില്ലാത്ത ആളുകൾ തങ്ങൾക്ക് ബൗദ്ധികമായി നേരിടാനാവാത്ത ആശയത്തെ പരിഗണനാർഹമല്ലാത്തത് എന്ന മട്ടിൽ പരിഹാസം കൊണ്ടും പുഛം കൊണ്ടും നേരിടുന്നു. അതുവഴി പ്രവാചക സന്ദേശങ്ങൾ കഴമ്പില്ലാത്തതാണ് എന്ന് പാമരജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും ജയിച്ചതായി സ്വയം സമാധാനിക്കാനും ശ്രമിക്കുകയാണവർ. മിക്ക പ്രവാചകന്മാർക്കും നേരിടേണ്ടിവന്നിട്ടുള്ളതാണ് ഇത്തരം പരിഹാസങ്ങൾ.

صلاة ന് ആരാധന, പ്രാർഥന, നമസ്കാരം എന്നൊക്കെ അർഥമുണ്ട്. മുസ്‌ലിംകൾ അനുഷ്ഠിച്ചുവരുന്ന നമസ്കാരം തന്നെ ആയിരിക്കണമെന്നില്ല ഇവിടെ പറയുന്ന നമസ്കാരം. പ്രാർഥനയുടെയും ആരാധനയുടെയും മറ്റു രൂപങ്ങളുമാകാം. ഏതായാലും ശുഐബ് നബി ആരാധനയിൽ ഏറെ നിരതനായിരുന്നു. ജനങ്ങളിൽ പ്രസിദ്ധവുമായിരുന്നു അത്. അവർ പറയുന്നതിതാണ്: ഹേ ശുഐബ്, നീ വലിയ നമസ്കാരക്കാരനാണല്ലോ. നിന്റെ ആ നമസ്കാരം തന്നെയാണോ നമ്മുടെ പൂർവപിതാക്കൾ ആരാധിച്ചുവന്ന ദൈവങ്ങളെയൊക്കെ നമ്മൾ കൈവെടിയണമെന്ന്, അല്ലെങ്കിൽ ഞങ്ങളുടെ സമ്പത്ത് ഞങ്ങൾക്ക് ശരിയെന്ന് തോന്നുന്ന വിധത്തിൽ കൈകാര്യം ചെയ്തുകൂടാ എന്ന് നിന്നോടനുശാസിക്കുന്നത്?! എങ്കിൽ നിന്റെ ദൃഷ്ടിയിൽ നമ്മൾ മഹാന്മാരായി ആദരിക്കുന്ന പൂർവ പിതാക്കളൊക്കെ കേവലം മൂഢന്മാരും വഴിപിഴച്ചവരുമാണെന്നും നീ മാത്രമേ ലോകത്തൊരു അറിവാളനും സന്മാർഗസ്ഥനും ഉള്ളൂവെന്നുമാണല്ലോ അതിനർഥം! ശുഐബ് നബിയുടെ സ്വഭാവശുദ്ധിയും ദൈവഭക്തിയും ആരാധനാ തൽപരതയും സാധാരണ ജനങ്ങളെ സ്വാധീനിച്ചേക്കുമെന്നും ആ നേതാക്കൾ ഭയന്നിരിക്കണം. അതുകൊണ്ട് ഇയാളുടെ സകല കുഴപ്പങ്ങൾക്കും കാരണം ഇയാളുടെ ഈ നമസ്കാരം തന്നെയാണ് എന്നു വരുത്താനുള്ള ശ്രമവും കൂടിയുണ്ടീ പരിഹാസത്തിൽ. ഈ പരിഹാസത്തിലടങ്ങിയ മറ്റൊരു ധ്വനി ഇതാണ്: ശുഐബ് ശരിക്കുള്ള ആത്മീയ പുരുഷൻ തന്നെയാണെങ്കിൽ അയാൾക്ക് നമ്മുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഇടപെടാൻ എന്തുകാര്യം. അത് ലൗകികവും ഭൗതികവുമായ കാര്യമല്ലേ? ദൈവത്തെക്കുറിച്ചും ദൈവാരാധനയെക്കുറിച്ചും സംസാരിക്കേണ്ട മതത്തിന് ലൗകിക വിഷയങ്ങളിൽ വിധി പറയാൻ എന്തവകാശം? ധ്യാനവും ആരാധനയുമൊക്കെ വർധിക്കുമ്പോൾ ആളുകൾ ലൗകിക വിഷയങ്ങളിൽനിന്ന് കൂടുതൽ അകലുകയാണ് ചെയ്യുക. ഇയാളിതാ ആരാധനയും പ്രാർഥനയും മൂക്കുമ്പോൾ ആളുകളുടെ സമ്പത്തിലും സൗഭാഗ്യത്തിലും കൈകടത്താൻ വരുന്നു. ദീനിനെ ദുൻയാവിൽ ഇടപെടുത്തുക അഥവാ ദീനും ദുൻയാവും കൂട്ടിക്കുഴക്കുക എന്ന മഹാ അപകടത്തിലാണ് ശുഐബ് എർപ്പെടുന്നത്.

അല്ലാഹുവിൽനിന്നും അവന്റെ വിധിവിലക്കുകളിൽനിന്നും അകന്നു കഴിയുന്നവർ–വിശ്വാസികളാവട്ടെ, അവിശ്വാസികളാവട്ടെ– നമസ്കാരത്തെ പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്യുക എക്കാലത്തെയും സമ്പ്രദായമാണ്. കൃത്യമായി നിസ്കരിക്കുന്നവരെ പിന്തിരിപ്പന്മാർ, മതമൗലികവാദികൾ, തീവ്രവാദികൾ എന്നൊക്കെ പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്യുകയാണ് ഇക്കാലത്തെ ഫാഷൻ. ഇതിന്റെ പിന്നിൽ ചെകുത്താന്റെ പ്രവർത്തനമുണ്ട്. ഇത്തരം നടപടികളിലൂടെ അവൻ സ്വന്തം കിങ്കരന്മാരെ അല്ലാഹുവിൽനിന്ന് കൂടുതൽ കൂടുതൽ അകറ്റിക്കൊണ്ടിരിക്കുന്നു. വിശ്വാസദാർഢ്യവും മനസ്ഥൈര്യവും കുറഞ്ഞ വല്ല ഭക്തന്മാർക്കും ഇതുകേട്ട് ഇളക്കം തട്ടിയാൽ അതവന്റെ മറ്റൊരു നേട്ടമാണ്. ■